74 (2259) പൊൻമുടിയിലെ വയർലസ് റിപ്പീറ്റർ സ്റ്റേഷൻ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പൊൻമുടിയിൽ കേരളാ പോലീസ് ടെലിക മ്മ്യൂണിക്കേഷന്റെ കീഴിൽ വയർലസ് റിപ്പീറ്റർ സ്റ്റേഷൻ സ്ഥാപിച്ചതെന്നാണ്;

(ബി) ഈ സ്റ്റേഷനിൽ എത്ര ഉദ്യോഗസ്ഥർ പണിയെടുക്കുന്നുണ്ട്; എത്ര പോലീസുകാർ പണിയെടുക്കുന്നുണ്ട്;

(സി) ഇവിടെ പ്രവർത്തിക്കുന്നവർക്ക് കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യമില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വളരെ ഉയരം കൂടിയ സ്ഥലത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപ നത്തിൽ കുടിവെള്ളമെത്തിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) 1974-ൽ.

(ബി) ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും രണ്ട് അസി സ്റ്റന്റ് സബ് ഇൻസ്പെക്ടറും, രണ്ട് ഹെഡ്കോൺസ്റ്റബിളും, രണ്ട് പോലീസ് കോൺസ്റ്റബിളും ആംഡ് റിസർവ്വ് വിഭാഗത്തിൽനിന്നും ഒരു ഹെഡ് കോൺസ് റ്റബിളും, അഞ്ച് പോലീസ് കോൺസ്റ്റബിൾമാരും ഒരു പാർട്ട് ടൈം സ്വീപ്പറും ഉൾപ്പെടെ ആകെ 13 പേർ പണിയെടുക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ടി വയർലസ് സ്റ്റേഷനിൽനിന്നും 350 അടി അകലെ സ്ഥിതി ചെയ്യുന്ന പെരിങ്ങമല പഞ്ചായത്തിൽ അടുത്തകാലത്ത് നിർമ്മിച്ച കുഴൽ കിണറിൽനിന്നും വെള്ളം പമ്പ് ചെയ്ത് ഈ സ്ഥാപനത്തിൽ എത്തിക്കുന്നതി നുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു.

75 (2260) മഞ്ചേരി ജില്ലാ ആശുപത്രിയിൽ നടന്ന അക്രമം

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ മർദ്ദിച്ചതിനും ആശുപത്രി ഉപകരണങ്ങൾ കേടുവ രുത്തിയതിനും ജില്ലാ ആശുപത്രി അധികൃതരിൽനിന്നും രോഗികളിൽ നിന്നും കഴിഞ്ഞവർഷം മഞ്ചേരി പോലീസ്സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ ക്രൈം നമ്പർ എത്ര;

(ബി) ഈ കേസ്സിന്റെ അന്വേഷണ ചുമതല ആർക്കാണ്;

(സി) കേസ്സിലെ പ്രതികളെ പിടികൂടിയോ; ഇല്ലെങ്കിൽ ഇവരെ പിടി കൂടാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) പരിക്കുപറ്റിയവർ ആരെല്ലാമായിരുന്നു; ഇവരുടെ മൊഴി രേഖ പ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) മൊഴിയിൽ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ നടപടി എടുക്കാൻ വൈകുന്നതിന്റെ കാരണം എന്തെന്നറിയിക്കാമോ?

ഉത്തരം

(എ) മഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം 493/98.

(ബി) മഞ്ചേരി പോലീസ് സ്റ്റേഷൻ എസ്.ഐ.യ്ക്ക്

(സി) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അവരെ പിടികൂടിയിട്ടില്ല.

(ഡി) രോഗികളെ മർദ്ദിച്ചതിന് പരാതി ഒന്നും ലഭിച്ചിട്ടില്ല.

(ഇ) ഇല്ല.

(എഫ്)പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ കേസ്സ് 31.3.99 - ൽ തെളിയേണ്ടുന്ന പട്ടികയിൽ ചേർത്ത് തീർപ്പു കല്പിച്ചിട്ടുണ്ട്.

76 (2261) അങ്കമാലിയിൽ ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നടന്ന ആക്രമണം

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ 1999 ജൂൺ 23-ാം തീയതി ഒരു കൂട്ടം ആളുകൾ കടന്നുകയറി അക്രമണം കാണിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവർ ഏതു രാഷ്ട്രീയ കക്ഷികളുമായി ബന്ധമുള്ളവരാണ്;

(സി) എന്തെല്ലാം അതിക്രമങ്ങളാണ് അവിടെ കാണിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുള്ളത്;

(ഡി) ഈ അതിക്രമങ്ങളുടെ ഫലമായി എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി;

(ഇ) ഇതിന് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണ് നൽകിയതെന്നും എന്തുതുകയാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)-(എഫ്) ഒരു കൂട്ടം ആളുകൾ ആശുപത്രിയിൽ അതിക്രമിച്ചു കയറി ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ആശുപത്രി ഉപകരണങ്ങൾക്ക് കേടുവരുത്തിയതായും കാണിച്ച് പരാതി ലഭിച്ചിരുന്നു. ഇത് സംബന്ധിച്ച് അങ്കമാലി പോലീസ് സ്റ്റേഷനിൽ ക്രൈം 331/99 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്തു. കേസ്സന്വേഷണം ഇപ്പോൾ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. ആശുപത്രിയിലുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് അന്വേഷിച്ച് ജില്ലാകളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആശുപത്രി അധികൃതർക്ക് മുഖ്യ

LIBRARY ARCHIVES Kerala Legislative Assembly